**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2076** **01-09-2022 - ൽ മറുപടിയ്ക്ക്**

**കുമ്പള സി.എച്ച്.സി. യ്ക്ക് പുതിയ കെട്ടിടം നിർമിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള സി.എച്ച്.സി. യ്ക്ക് പുതിയ കെട്ടിടം നിർമിക്കുന്നതിനുള്ള ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കുമ്പള സാമൂഹികാരോഗ്യകേന്ദ്രത്തിന്റെ വികസനത്തിനായി സ്റ്റാൻഡേർഡ് പ്രകാരമുള്ള വിശദമായ റിവൈസ്ഡ് പ്രൊപ്പോസൽ സമർപ്പിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിടം നബാർഡ് ആർ.ഐ.ഡി.എഫ്. (റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട്)ൽ ഉൾപ്പെടുത്തി നിർമിക്കുന്നതിന് നബാർഡിലേക്ക് നടപ്പുവർഷം പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കുമ്പള സാമൂഹികാരോഗ്യകേന്ദ്രത്തിന്റെ വികസനത്തിനായി സ്റ്റാൻഡേർഡ് പ്രകാരമുള്ള വിശദമായ റിവൈസ്ഡ് പ്രൊപ്പോസൽ സമർപ്പിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.. |
| (സി) | ഇത് സംബന്ധിച്ച ഫയൽ നിലവിൽ ഏത് ഓഫീസിലാണ് ഉള്ളതെന്ന വിവരം ഫയൽ നമ്പർ സഹിതം ലഭ്യമാക്കുമോ; | (സി) | ഈ വിഷയവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ പി.എൽ.ബി1/ 30288/2022/ ആവഡ നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | പ്രസ്തുത സി.എച്ച്.സി. യുടെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | ആർദ്രം പദ്ധതി പ്രകാരം 01.08.2021 തീയതിയിലെ സ.ഉ (സാധാ) നം. 1633/2021/ആകുവ അനുസരിച്ച് ടി ആശുപത്രിയെ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ